"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശഭൂമി പതിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.33/2026/RD തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-

1. എറണാകുളം ജില്ലാ കളക്ടറുടെ 11.07.2024 ലെ DCEKM എൽ1/ 6415/2024 നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.06.2025 ലെ LR/6990/2024-LR(PM-4) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിയ്ക്കുകയുണ്ടായി.

2) പതിവിനാസ്പദമായ ഭൂമിയിൽ 44 കുടുംബങ്ങളിലായി 200 ഓളം പേർ താമസിച്ചു വരുന്നു. 44 കുടുംബങ്ങളിൽ 31 പേർ കൊച്ചി കോർപ്പറേഷൻ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ജോലി ചെയ്യുന്നവരോ, പ്രസ്തുത തസ്തികയിൽ നിന്നും വിരമിച്ചവരോ ആണെന്നും ആയതിൽ 30 പേരുടെ പ്രതിവർഷ വരുമാനം ₹1,00,000/- (ഒരു ലക്ഷം) രൂപയിൽ കൂടുതലാണ്. കൊച്ചി കോർപ്പറേഷന്റെ ശുചീകരണ തൊഴിലാളികളായ/തൊഴിലാളികളായിരുന്ന ഇവർക്ക് ജോലിയിൽ/പെൻഷനിൽ നിന്നുള്ള വരുമാനമല്ലാതെ മറ്റു വരുമാനങ്ങൾ ഇല്ലാത്തവരും, വളരെ കുറഞ്ഞ വിസ്തീർണ്ണത്തിൽ ഭൂമി കൈവശം വരുന്നവരുമാണ്.

അപേക്ഷകരുടെ കൈവശ വിസ്തീർണ്ണം അനുവദനീയ പരിധിയായ 5 സെന്റിൽ താഴെയാണ്. സർവ്വേ നം.75-ൽ ഉൾപ്പെട്ട ഭൂമി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് (1945 കാലഘട്ടത്തിൽ) ശുചീകരണ തൊഴിൽ ചെയ്തുവന്നിരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി വിട്ടുകൊടുത്തിരുന്നതും അത്തരം ആളുകൾ ടി പ്രദേശത്ത് വീടുവെച്ച് താമസിച്ചു വന്നിരുന്നതും ഇവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ ഇവിടെ താമസിച്ചു വരുന്നതെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് (1945 കാലഘട്ടത്തിൽ) ശുചീകരണ തൊഴിൽ ചെയ്തു വന്നിരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി വിട്ടുകൊടുത്തിരുന്ന ഭൂമിയിൽ ഇവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ ഇവിടെ താമസിച്ചു വരുന്നതെന്ന് കണക്കിലെടുത്ത്, എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് വരുമാന പരിധി ഇളവ് ചെയ്ത്, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശ ഭൂമി പതിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇക്കാര്യത്തിൽ നിയമാനുസൃത തുടർനടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 3562, തീയതി - 21.01.2026)
6. കരുതൽ ഫയൽ (എ3/155/2024/റവ)

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 24-01-2026 12:03:57

സെക്ഷൻ ഓഫീസർ